**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **10-08-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര ജീവക്കാർക്കായി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട് വിവിധ തൊഴിലെടുക്കുന്നവർക്കും വേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | തിരുവിതാംകൂർ, കൊച്ചിൻ, മലബാർ തുടങ്ങിയ ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങളിലെ പൂജാരിമാർ ഒഴികെയുള്ള ജീവനക്കാർ/ വർക്കർമാർക്ക് അംഗത്വമെടുക്കത്തക്കവിധം കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ 2011 ൽ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി തൊഴിൽ വകുപ്പ് രൂപീകരിച്ചിരുന്നു. തുടർന്ന് 2015 ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചതിൽ 2011 ലെ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതിയും മെർജ് ചെയ്യുകയും ടി പദ്ധതിയിലെ അംഗങ്ങളെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ടി ക്ഷേമനിധിയുടെ ജോബ് ലിസ്റ്റ് പ്രകാരം തെയ്യംകെട്ട്, ചെണ്ടമേളം, പഞ്ചവാദ്യം, നാദസ്വരം, പടയണി, തിറ തുടങ്ങിയ അനുഷ്ഠാന കലകളിൽ ഏർപ്പെട്ടിരിക്കുന്നവർ, പൂകെട്ട്, കച്ചവടം, സ്വകാര്യക്ഷേത്ര ജീവനക്കാർ, ഉത്സവകാല കച്ചവടക്കാർ, ഇല്യൂമിനേഷൻ, ഉച്ചഭാഷിണി എന്നീ മേഖലകളിൽ പണിയെടുക്കുന്നവർ ടി ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. നിലവിൽ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി നടപ്പാക്കിവരുന്ന കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. ആയതു സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ പരിശോധന നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ